(ഇ) ബറ്റാലിയൻ ഭാഗമായ എസ്. എ. പി.-യിലേക്ക് മാത്രമാണ് പി.എസ്.സി. നേരിട്ട് നിയമനം നടത്തുന്നത് എസ്. എ. പി.-യിൽ ഇപ്പോൾ 33 ഒഴിവുകളാണുള്ളത്.

(എഫ്) സംസ്ഥാനത്ത് മൊത്തം 1880 കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ ഉണ്ട്.

[(1517)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രഞ്ചിൽ ലഭ്യമായിട്ടില്ല.]

വനിതാ പോലീസ് സേനയിലെ പുതിയ നിയമനങ്ങൾ

44 [1518] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
" സ്റ്റീഫൻ ജോർജ് :
" ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനിതാ പോലീസ് സേനയിൽ പുതുതായി നിയമനങ്ങൾ എന്നത്തേക്ക് നടത്തുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) നിലവിലുള്ള പി. എസ്. സി. ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നാളിതുവരെ നിയമനം നൽകിയിട്ടുണ്ടെന്നും ഈ ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കുമെന്നും അറിയിക്കാമോ;

(സി) ഇതിൽനിന്നും ഇനിയും എത്ര പേർക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനു മുമ്പ് നിയമനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് കണക്കുകൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ജി. ഒ.(എം.എസ്.) 93/03/ആഭ്യന്തരം തീയതി 11-4-2003 അനുസരിച്ച് 600 വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികകളിലേക്കും 1-11-2003-ലെ ജി. ഒ.(എം.എസ്.) 236/03/ആഭ്യന്തരം അനുസരിച്ച് അനുവദിച്ച 573 വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികകളിലേക്കും നിലവിലുള്ള പി. എസ്. സി. ലിസ്റ്റിൽനിന്നും നിയമനം നൽകുകയും ഇവർ ഇപ്പോൾ പരിശീലനത്തിന്റെ വിവിധഘട്ടങ്ങളിലുമാണ്.

(ബി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും 2,310 പേരെ പി.എസ്.സി. ശുപാർശ ചെയ്യുകയും അതിൽ 1,621 പേർക്ക് നിയമനം നൽകുകയും ചെയ്തു. 578 പേരുടെ നിയമന നടപടി നടന്നുവരുന്നു. ലിസ്റ്റിന്റെ കാലാവധി സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly